പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 6793

04.04.2018-ൽ മറുപടിക്ക്

## മത്സ്യബന്ധന മേഖലയോടുള്ള കേന്ദ്രസർക്കാരിന്റെ സമീപനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>,, മുഹമ്മദ് മുഹസിൻ. പി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയോടുള്ള കേന്ദ്രസർക്കാരിന്റെ സമീപനം വിശദമാക്കാമോ; | (എ) & (ബി) | സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയ്ക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന കേന്ദ്ര വിഹിതം വർഷംതോറും കുറഞ്ഞു വരികയാണ്. 2016-17 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നീല വിപ്ലവം പദ്ധതി എന്ന ഒരു പദ്ധതിയുടെ കീഴിലാണ് ഉൾക്കൊളളിച്ചിട്ടുള്ളത്. നീല വിപ്ലവം പദ്ധതിയുടെ ആവിഷ്ക്കാരത്തോടുകൂടി മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികളായ സമ്പാദ്യസമാശ്വാസ പദ്ധതി, ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി എന്നിവയ്ക്ക് പകരം ഉൾനാടൻ മത്സ്യബന്ധനത്തിനും അക്വാകൾച്ചറിനുമാണ് പ്രാമുഖ്യം നൽകുന്നത്. നീലവിപ്ലവം പദ്ധതി വരുന്നതിന് മുൻപ് ഫിഷറീസ് മേഖലയ്ക്ക് 70 കോടിയോളമാണ് കേന്ദ്രാവിഷ്കൃത പദ്ധതിക്കായി കേന്ദ്ര സർക്കാർ ഓരോ വർഷവും വകയിരുത്തിയിരുന്നത്. കൂടാതെ പദ്ധതികളുടെ എണ്ണത്തിലും കുറവ് വന്നു. 2016-17 ൽ 12.98 കോടി രൂപയ്ക്കുളള പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുകയും ഫണ്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതി അംഗീകരിക്കുകയുണ്ടായില്ല. കൂടാതെ ദേശീയ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി 800 ഭവനങ്ങൾ നിർമ്മിക്കുന്നതിന് പ്രൊപ്പോസൽ നൽകിയെങ്കിലും 167 ഭവനങ്ങൾ നിർമ്മിക്കുന്നതിനാണ് അനുമതി ലഭിച്ചത്. 2017-18 സാമ്പത്തിക വർഷം 142.46 കോടി രൂപ (56.89 കോടി കേന്ദ്ര വിഹിതം) അടങ്കൽ തുകയായി ഒമ്പത് പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും 11.5 കോടി രൂപയ്ക്കുളള പ്രൊപ്പോസൽ തയ്യാറാക്കി പുനഃസമർപ്പിക്കുവാൻ കേന്ദ്ര സർക്കാരിൽ നിന്ന് നിർദ്ദേശം ലഭിക്കുകയുണ്ടായി. അതിൻപ്രകാരം പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 6.86 കോടി രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകുകയും 6.17 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട് |
| (ബി) | മത്സ്യമേഖലയ്ക്കുള്ള കേന്ദ്രവിഹിതത്തിൽ വൻ ഇടിവ് ഉണ്ടായെന്നുള്ള റിപ്പോർട്ടുകൾ ശരിയാണോ; | | |

| | | | |
|---|---|---|---|
| | | | കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നാമമാത്രമായ തുകയാണ് കേന്ദ്രവിഹിതമായി ലഭിച്ചിട്ടുള്ളത്. കൂടാതെ, ഓരോ പുതിയ ഫിഷിംഗ് ഹാർബർ/ ഫിഷ് ലാന്റിംഗ് സെന്ററി ന്റേയും നിർമ്മാണത്തിന് കേന്ദ്രവിഹിതം 25 കോടി രൂപ മാത്രമായി കേന്ദ്ര സർക്കാർ ലിമിറ്റ് ചെയ്തിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്ര ആവിഷ്കൃത പദ്ധതികൾക്കായി 372.12 കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ കേന്ദ്രവിഹിതമായി ലഭിക്കേണ്ടത് 247.07 കോടി രൂപയാണ്. എന്നാൽ നാളിതുവരെ 127.56 കോടി രൂപ മാത്രമാണ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്. പദ്ധതി വിഹിതമായി ഇനിയും സംസ്ഥാന സർക്കാരിന് ലഭിക്കേണ്ടത് 119.50 കോടി രൂപയാണ്. 2016-17 സാമ്പത്തികവർഷം 11.58 കോടി രൂപ മാത്രമാണ് ലഭിച്ചത്. 2017-18-ൽ തുകയൊന്നും ലഭിച്ചിട്ടില്ല. സംസ്ഥാനം കൂടുതലായി ചെലവഴിച്ച 84.65 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും റീഇംബേഴ്സ് ചെയ്ത് സംസ്ഥാനത്തിന് ലഭിക്കേണ്ടതുണ്ട്. |
| (സി) | വള്ളങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നല്കിവരുന്ന സബ്സിഡിയുള്ള മണ്ണെണ്ണയുടെ അളവ് കേന്ദ്രസർക്കാർ കുറച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് പൊതു വിതരണ സംവിധാനം മുഖേന മത്സ്യബന്ധനത്തിന് മണ്ണെണ്ണ സബ്സിഡി നിരക്കിൽ നൽകി വരുന്നു. പൊതു വിതരണ സംവിധാനത്തിൽ ലഭ്യമായ ക്വോട്ടയുടെ ഒരു പ ങ്കാണ് മത്സ്യത്തൊഴിലാളികൾക്ക് നൽകി വന്നിരുന്നത്. സംസ്ഥാനത്ത് വൈദ്യുതീ കരണവും, ഗ്യാസ് വിതരണവും വർദ്ധിച്ചതോടെ പി.ഡി.എസ് മണ്ണെണ്ണയുടെ ക്വാട്ട കുറയുകയു ണ്ടായി. |
| (ഡി) | സമുദ്രമേഖലയിൽ കോർപ്പറേറ്റുകൾക്ക് കടന്നുകയറാൻ കേന്ദ്രം വഴിയൊരുക്കുന്നുവെന്ന് അഭിപ്രായമുണ്ടോ; | (ഡി) | ഇത്തരം ആശങ്ക നിലനിൽക്കുന്നു ണ്ട് |
| (ഇ) | ഡീസൽ വിലവർദ്ധനവ് സംസ്ഥാനത്തെ മത്സ്യമേഖലയെ ദോഷകരമായി ബാധിക്കുന്നതിനാൽ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന സബ്സിഡി . സംസ്ഥാനത്തിന് നിഷേധിക്കുന്നത് എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | കേ ന്ദ്ര സർക്കാർ അനുവദിച്ചു നൽകുന്ന ഡീസൽ സബ്സിഡി കേരളത്തിൽ വിതരണം ചെയ്യുന്നതിന് തടസ്സങ്ങൾ ഇല്ല. ലിറ്ററൊന്നിന് 3 രൂപയാണ് സബ്സിഡി എന്നാൽ, BPL വിഭാഗത്തിൽപ്പെടുന്ന യാന ഉടമകൾക്കാണ് ഡീസൽ സബ്സിഡി അനുവദിക്കാൻ വ്യവസ്ഥയുള്ളത്. കേരളത്തിലെ യന്ത്രവൽകൃത യാന ഉടമ കളിൽ ഭൂരിഭാഗവും APL വിഭാഗത്തിൽപ്പെടുന്നവരാണ്. |

സെക്ഷൻ ഓഫീസർ